# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി
## 13.07.2016-ന് കൂടുന്ന യോഗത്തിന്റെ അജണ്ട
## സമയം: 2.30 PM.
## സ്ഥലം: ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേംബർ

| | |
|---|---|
| 1. പൊതുവിഷയങ്ങൾ<br>2. 2016-17 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം<br>1. ഗ്രാമപഞ്ചായത്തുകൾ 2. ബ്ലോക്ക് പഞ്ചായത്തുകൾ<br>3. നഗരസഭകൾ 4. ജില്ലാ പഞ്ചായത്തുകൾ<br>3. **പ്രത്യേക വിഷയങ്ങൾ** | |
| **3.1 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം.354/ഡി.ബി.3/16/തസ്വഭവ)** | |
| മരുന്ന് മാറി കുത്തിവച്ച് ശാരീരിക വൈകല്യം സംഭവിച്ച 12 വയസ്സ് പൂർത്തിയായിട്ടുള്ള കുമാരി പ്രതിഭയ്ക്ക് ട്രൈസ്ക്കൂട്ടർ കുട്ടിയുടെ അമ്മയുടെ പേരിൽ ലൈസൻസ് നൽകിക്കൊണ്ട് ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുവദിക്കാമോ | |
| **3.2 കൊരട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 137/ഡി.എ3/16/തസ്വഭവ)** | |
| തെരുവുവിളക്ക് പരിപാലനം കെൽട്രോൺ, കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. ഇവർക്ക് സ്വന്തമായി നിർമ്മാണമില്ല. മെയിന്റനൻസ് യഥാസമയം നടത്തുന്നില്ല. അതിനാൽ ടെണ്ടർ വഴി തെരുവുവിളക്ക് വാങ്ങുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെടുന്നു. | |

| | |
|---|---|
| **3.3 കുമാരപുരം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 283/ഡി.എ2/16/തസ്വഭവ)** | |
| കുമാരപുരം ഗ്രാമപഞ്ചായത്ത് 2015-16 -ൽ കെൽട്രോണിൽ നിന്നും വാങ്ങിയ ഉപകരണങ്ങളുടെ തുക നൽകുന്നത് സംബന്ധിച്ച് ജി.ഒ.(ആർ.ടി) നം.1278/16/തസ്വഭവ ഉത്തരവ് പ്രകാരം ഐ.കെ.എം. ൽ നിന്ന് മാത്രമേ വാങ്ങാവു എന്ന് നിർദ്ദേശമുണ്ട്. 2015-16 സപ്ലൈ ഓർഡർ പ്രകാരം ലഭിച്ച ഉപകരണങ്ങളുടെ തുക കെൽട്രോണിന് നൽകുന്നതിനുള്ള പദ്ധതി 2016-17 സ്പിൽഓവറായി വയ്ക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം. | |
| **3.4 കഠിനംകുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 139/ഡി.എ3/16/തസ്വഭവ)** | |
| തെരുവുവിളക്ക് കറണ്ട് ചാർജ് കെ.എസ്.ഇ.ബി.യുടെ ബിൽ പ്രകാരം എല്ലാ മാസവും അടവാക്കി വരുന്നുണ്ടെങ്കിലും കെ.എസ്.ഇ.ബി.യുടെ ആഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ 2009-10 വർഷം 126 സി.എഫ്.എൽ ലാമ്പ് പഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ആയതിന് 2010 ജനുവരി മുതൽ 2014 മേയ് വരെയുള്ള കാലയളവിൽ 157644/-രൂപ ഈടാക്കാൻ ആഡിറ്റ് ഓഫീസർ നിർദ്ദേശം നൽകി. ഈ തുക അടവാക്കുന്നതിന് സ്പഷ്ടീകരണം നൽകണമെന്നതാണ് ആവശ്യം. | |

3.5. File No. DC1/423/16/LSGD

വിഷയം - തസ്വഭവ - കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ പ്ലാസ്റ്റി ഇ-
വെയ്സ്റ്റ് പരിപാലനം - സംബന്ധിച്ച്.

മേൽ വിഷയം സംബന്ധിച്ച് ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ സദയം കണ്ടാലും. **ശുചിത്വകോട്ടയം പദ്ധതിയെ** കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കുന്നതിന് ഏറ്റുമാനൂർ ബ്ലോക്കിൽ 6 ഗ്രാമപഞ്ചായത്തുകളെ ചേർത്തിണക്കി വിഭാവനം ചെയ്തിട്ടുള്ളതാണ് **സുസ്ഥിര ശുചിത്വ പദ്ധതി. പ്ലാസ്റ്റിക് ഇ-വേയ്സ്റ്റ്** ശേഖരണത്തിനായി എല്ലാ പഞ്ചായത്തുകളിലും ശുചിത്വസഭകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇവിടെ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് ഇ-വെയ്സ്റ്റ് മാലിന്യങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിനോ ബ്ലോക്ക് കേന്ദ്രത്തിൽ എത്തിക്കുന്നതിനോ നിലവിൽ ഏകീകൃത സംവിധനാമില്ലാത്തത് ശുചിത്വകോട്ടയം പദ്ധതിയെ സാരമായി ബാധിക്കുന്നുവെന്നും ആയതിനാൽ ശുചിത്വ സഭകളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് പ്ലാസ്റ്റിക് ഇ-വേയ്സ്റ്റ് ശേഖരിച്ച് തരംതിരിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിനും ഇത് തുടർ പദ്ധതിയായി ഓരോ വർഷങ്ങളിലും കൊണ്ടുപോകുന്നതിനും ഒരു സ്ഥിരം സംവിധാനമുണ്ടാകണമെന്നും ടി പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് ഒരോ ഗ്രാമ പഞ്ചായത്തും പ്രോജക്ടുകൾ സമർപ്പിക്കുകയും ചിലവിനായുള്ള തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതും ടി തുകയും ബ്ലോക്ക്പഞ്ചായത്ത് വകയിരുത്തുന്ന തുകയും ചേർത്ത് 6 പഞ്ചായത്തിനും കൂടി ഒരു മാലിന്യ ശേഖരണ വാഹനം വാങ്ങി ടി വാഹനം ഉപയോഗിച്ച് ശുചിത്വസമിതിയിൽ നിന്നും നേരിട്ട് ഇ -വെയ്സ്റ്റ് ശേഖരിക്കുന്നതിന് 6 പഞ്ചായത്തുകളിൽ നിന്നും ഒരാളെ വീതം ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച് എല്ലാ ദിവസവും രാവിലെ മാലിന്യശേഖരണം നടത്തി ഉച്ചയ്ക്ക് ശേഷം ആയത് തരംതിരിച്ച് കെട്ടി മാറ്റുകയും ചെയ്യണമെന്നും ബ്ലോക്ക് തലത്തിൽ ബിഡിഒ, ജി ഇ ഒ, വി ഇ ഒ/എന്നിവർ നിർവ്വഹണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്നും മാലിന്യങ്ങൾ ശുചിത്വസഭകളിൽ എത്തിക്കേണ്ട ചുമതല ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഏറ്റെടുക്കണമെന്നും താഴെത്തട്ടിലെ ഏകോപനവും മുകൾത്തട്ടിലെ മേൽനോട്ടവും ഒത്തുചേർന്നാൽ പ്ലാസ്റ്റിക് ഇ-വെയ്സ്റ്റ് പരിപാലനത്തിൽ ബ്ലോക്കിന് നേട്ടം കൈവരിക്കാൻ കഴിയുമെന്നും സെക്രട്ടറി അറിയിച്ചിരിക്കുന്നു. ഈ പദ്ധതിയ്ക്കുള്ള പ്രതീക്ഷിത ചെലവ് -

**1. <u>പ്രാരംഭ വർഷം</u>**

വാഹനം (പിക്കപ് വാൻ) - 4,00,000/-
ജോലിക്കാർക്കുള്ള ശമ്പളം (5000X6X12) - 3,60,000/-

| | |
|---|---|
| ഇന്ധന ചിലവ്, മെയിന്റനൻസ് | - 2,00,000/- |
| ഷെഡ് നിർമ്മാണം | 10,000/- |
| കയ്യുറകൾ, ചാക്കുകൾ, മറ്റിനങ്ങൾ | 12,000/- |
| ആകെ | 13,20,000/- |

**2.** പ്രാരംഭ വർഷം വകയിരുത്തിയത്

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 5,00,000/- |
| ഗ്രാമപഞ്ചായത്ത് | 8,22,000/- |

3. തുടർ വർഷങ്ങളിലെ ചെലവ്

| | |
|---|---|
| ജോലിക്കാരുടെ ശമ്പളം (5000X6X12) | - 3,60,000/- |
| വാഹനം-ഇന്ധനം മെയിന്റനൻസ് | 2,00,000/- |
| കയ്യുറകൾ ചാക്കുകൾ | - 10,000/- |
| മറ്റിനം | - 10,000/- |
| ആകെ | 5,80,000/- |

ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ തുല്യ വിഹിതമാക്കിയാൽ (ഓരോ പഞ്ചായത്തിനും) **96,666/-**